# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – ജീവനക്കാര്യം – ശ്രീമതി.ജാസ്മിൻ.എസ് ന് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഓഡിറ്റർ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കെ.എസ്.എ.3/എസ്റ്റാ.1/2019** **തീയതി: 22.03.2019**

---

പരാമർശം : (1) ഈ കാര്യാലയത്തിലെ 08.03.2019 ലെ കെ.എസ്.എ 12425/എസ്റ്റാ 2/2017 നമ്പർ ഉത്തരവ്

(2) കോട്ടയം, എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) കാര്യാലയത്തിലെ 21.03.2019 ലെ ഇ 240/2019/ഇസികെ നമ്പർ ഉത്തരവ്

(3) ശ്രീമതി.ജാസ്മിൻ.എസ്, ഓഡിറ്ററുടെ 22.03.2019-ലെ സമർപ്പണം.

## ഉത്തരവ്

എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കാര്യാലയത്തിൽ അസിസ്റ്റന്റായിരുന്ന ശ്രീമതി.ജാസ്മിൻ.എസ് ന് പരാമർശം (1) ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലേയ്ക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം ശ്രീമതി.ജാസ്മിൻ.എസ് എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് വകുപ്പിൽ നിന്ന് വിടുതൽ ചെയ്യുകയും പരാമർശം (3) പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുമ്പാകെ 22.03.2019 പൂർവ്വാഹ്നത്തിൽ ജോലിയ്ക്ക് ഹാജരാവുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിൽ** നിലവിലുള്ള ഒഴിവിൽ ശ്രീമതി.ജാസ്മിൻ.എസ്-ന് ഓഡിറ്ററായി നിയമനം നൽകി ഉത്തരവാകുന്നു.

ശ്രീമതി.ജാസ്മിൻ.എസ് ഓഡിറ്ററായി നിയമിതയായി കൊണ്ടുള്ള നിബന്ധനകൾ പാലിക്കാമെന്നുള്ള നിശ്ചിത മാതൃകയിലുള്ള ജാമ്യകരാർ ചമച്ചെന്ന് ഉറപ്പ

വരുത്തേണ്ടതാണ്. ശ്രീമതി.ജാസ്മിൻ.എസ് നെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഓഡിറ്റർ തസ്തികയിലെ ഏറ്റവും ജൂനിയർ ഉദ്യോഗസ്ഥയായി പരിഗണിക്കുന്നതായിരിക്കും. പ്രസ്തുത വിവരം ഉദ്യോഗസ്ഥയുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ശ്രീമതി.ജാസ്മിൻ.എസ്-ന്റെ മുൻകാല സേവനം സംസ്ഥാന ഓഡിറ്റ് വകുപ്പിലെ സീനിയോറിറ്റിയ്ക്ക് ബാധകമായിരിക്കില്ല. KS&SSR പാർട്ട് 2 റൂൾ 20(ബി) & ലോക്കൽ ഫണ്ട് ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം ശ്രീമതി.ജാസ്മിൻ.എസ് 3 വർഷത്തെ തുടർച്ചയായ സേവന കാലയളവിൽ 2 വർഷം പ്രൊബേഷനിലായിരിക്കും.

(ഒപ്പ് )
**ഡയറക്ടർ**

**ശ്രീമതി.ജാസ്മിൻ.എസ് , ഓഡിറ്റർ**

പകർപ്പ്

1. ബഹു.എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്), കോട്ടയം (ഉപരിപത്രം സഹിതം)
2. ജോയിന്റ് ഡയറക്ടർമാർ/സീനിയർ ഡെപ്യൂട്ടി ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർമാർ (ഡയറക്ടറേറ്റ്)
3. എസ്റ്റാ 2,3, 4, അക്കൗണ്ട്സ് സെക്ഷനുകൾ
4. ഓഫീസ് കോപ്പി

**ഉത്തരവിൻപ്രകാരം**

**ഓഡിറ്റ് ഓഫീസർ**